5. കേരള വികസന പദ്ധതിയിലെ മന്ദംപുള്ളി മിനിപദ്ധതി.

6. കേരള വികസന പദ്ധതിയിലെ കുഴൽമന്ദം പദ്ധതിയുടെ ഗ്യാലറി നിർമ്മാണം.

(ബി) കുഴൽമന്ദം മണ്ഡലത്തിൽ ഭാരതപ്പുഴ സ്രോതസ്സായി പദ്ധതികളൊന്നും നിലവിലില്ല. പക്ഷേ പോഷക നദിയായ ചിറ്റൂർപുഴ സ്രോതസ്സായി ആർ.ഡബ്ലിയു.എസ്.എസ്.ന് കുഴൽമന്ദം എന്ന പദ്ധതിയുണ്ട്. എന്നാൽ പുതുതായി എൻ.സി./പി.സി.കവറേജിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന 4 പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കുഴൽമന്ദം പഞ്ചായത്തിലെ 1,2,3,6,8,10 വാർഡുകൾക്ക് (ഭാരതപ്പുഴ സ്രോതസ്സ്)
2. കോടായി പഞ്ചായത്തിലെ 1,2,3,5,6 വാർഡുകൾക്ക് (ഭാരതപ്പുഴ സ്രോതസ്സ്)
3. മാത്തൂർ പഞ്ചായത്തിലെ 1,4,5,6,7,8,9,10 വാർഡുകൾക്ക് (ചിറ്റൂർപ്പുഴ)
4. കുത്തന്നൂർ പഞ്ചായത്തിലെ 1,2 വാർഡുകൾക്ക് (ഭാരതപ്പുഴ സ്രോതസ്സ്)

(സി) ആരംഭിച്ചിട്ടുണ്ട്. തരൂർ-2-വില്ലേജിനുള്ള ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതികളുടെ എല്ലാ ഘടകങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

29 (1714) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പണിതുകൊണ്ടിരിക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ ;

(ബി) അവ ഏതൊക്കെ പഞ്ചായത്തിലാണെന്നും ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര വീതമെന്നും വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ ഏജൻസികളാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത് ;

(ഡി) ഈ പ്രവർത്തികളുടെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു. †

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുബന്ധത്തിൽ ചേർത്തിരിക്കുന്ന പദ്ധതികൾ കേരളവാട്ടർ അതോറിറ്റിയാണ് നടപ്പാക്കുന്നത്.

(ഡി) പുരോഗതി അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. †

ശ്രീകൃഷ്ണപുരം ശുദ്ധജല കുടിവെള്ള പദ്ധതി

30 (1715) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം ശുദ്ധജല കുടിവെള്ള പദ്ധതിയുടെ പ്രവർത്തനത്തിന്റെ ഇപ്പോഴുള്ള സ്ഥിതിയെന്താണ് ; പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് ഗുണം ലഭിക്കും എന്ന് പറയാമോ ;

(ബി) ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതി താമസംവിനാ പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ ഉറവിടം, ശുദ്ധീകരണശാല, ജലസംഭരണികൾ എന്നിവയ്ക്കായി ആവശ്യമായ സ്ഥലമെടുപ്പു സംബന്ധിച്ച പ്രവർത്തനങ്ങളെല്ലാം അന്തിമഘട്ടത്തിലാണ്. പദ്ധതിയ്ക്കാവശ്യമായ രണ്ടു ടാങ്കുകളുടെ ടെന്ററുകൾ ക്ഷണിച്ചിട്ടുണ്ട്. ബാക്കി ഘടകങ്ങൾക്കാവശ്യമായ എസ്റ്റിമേറ്റുകൾ വിവിധ ഘട്ടങ്ങളിലാക്കി തയ്യാറാക്കി വരുന്നു.

ഈ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പൂക്കോട്ടുകാവ്, കടംപഴിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കും.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതി

31 (1716) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതി ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) ആയതിൽ, യു.ഡി.എഫ്., എൽ.ഡി.എഫ് ഭരണ സമിതിയുള്ള പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[1-7-2003 -ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യ നമ്പർ 29 (1714) -ന്റെ ഉത്തരം ദയവായി കാണുക.]

	എ	ബി		സി
നമ്പർ	കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പണിതുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾ	തുക (ലക്ഷം)	പഞ്ചായത്ത്	പുരോഗതി
	(1)	(2)	(3)	(4)
1.	പുലിക്കുഴി ലുറായി H/C പദ്ധതികൾ	9.60	ചാത്തമംഗലം	സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷനുവേണ്ടി OYEC നോട്ടീസ് ആവശ്യപ്പെട്ടിട്ടുണ്ട്.
2.	പാടത്തുംകണ്ടി IHDP പദ്ധതി	26.90	മാവൂർ	സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷനുവേണ്ടി 1,83,750 രൂപ OYEC 2002/03 ൽ അടച്ചു.
3.	ചെനപ്പാറക്കുന്ന് H/C പദ്ധതി	25.00	പെരുമണ്ണ	സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു വൈദ്യുതി കണക്ഷനുവേണ്ടി 1,01,000 രൂപ 2002/03 ൽ അടച്ചു.
4.	കൂടത്താലുമ്മൽ IHDP പദ്ധതി	12.50	കുന്ദമംഗലം	സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷനുവേണ്ടി 3,15,500 രൂപ 2003/03 ൽ അടച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)	(3)	(4)
5..	മാവൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി വിപുലീകരണം (pmgy)	38.00	മാവൂർ	40% പ്രവൃത്തി പൂർത്തീകരിച്ചു.
6.	പെരുവയൽ വാർഡ് 2 ശുദ്ധജലവിതരണ പദ്ധതി (Nc/pc)	18.00	പെരുവയൽ	60% പ്രവൃത്തി പൂർത്തീകരിച്ചു.
7.	മുഴാപ്പാലം ശുദ്ധജലവിതരണ പദ്ധതി (Mini)	15.00	മാവൂർ	85% പ്രവൃത്തി പൂർത്തീകരിച്ചു.
8.	പാലക്കോട്കുന്ന് ശുദ്ധജലവിതരണ പദ്ധതി (Mini)	15.00	പെരുവയൽ	80% പ്രവൃത്തി പൂർത്തീകരിച്ചു.
9.	കൊടിമലക്കുന്ന് ശുദ്ധജലവിതരണ പദ്ധതി (Mini)	15.00	പെരുവയൽ	70% പ്രവൃത്തി പൂർത്തീകരിച്ചു.
10.	ചാത്തമംഗലം ശുദ്ധജലവിതരണ പദ്ധതി വിപുലീകരണം (Pmgy)	30.00	ചാത്തമംഗലം	60% പ്രവൃത്തി പൂർത്തീകരിച്ചു.
11.	കുരുവട്ടൂർ ശുദ്ധജലവിതരണ പദ്ധതി വിപുലീകരണം (Pmgy)	23.00	കുരുവട്ടൂർ	60% പ്രവൃത്തി പൂർത്തീകരിച്ചു.
12.	വാർഡ് 7 ആന്റ് 10 (p) മുക്കം (Nc/pc) ശുദ്ധജലവിതരണ പദ്ധതി	14.50	മുക്കം	ആരംഭിച്ചിട്ടില്ല
13.	വാർഡ് 5 & 6 മുക്കം (Nc/pc) ശുദ്ധജലവിതരണപദ്ധതി	15.00	മുക്കം	20% പ്രവൃത്തി പൂർത്തീകരിച്ചു.
14.	ചേന്ദമംഗലൂർ ശുദ്ധജലവിതരണ പദ്ധതി	15.00	മുക്കം	70% പ്രവൃത്തി പൂർത്തീകരിച്ചു.